**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6210** **10-07-2024 - ൽ മറുപടിയ്ക്ക്**

**പാലോട് റേഞ്ചിലെ ജണ്ട നിർമ്മാണത്തിലെ അപാകതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വന ഡിവിഷനിലെ പാലോട് റേഞ്ചിൽ 2019-20, 2020-21 എന്നീ വർഷങ്ങളിൽ നിർമ്മിച്ച ജണ്ടകളിൽ വെരി ബാഡ്, ബാഡ്, മാനേജബിൾ എന്നീ വിഭാഗങ്ങളിൽപ്പെട്ട എത്ര ജണ്ടകൾ ഉണ്ടെന്നും അവയുടെ പുനർനിർമ്മാണത്തിന് എത്ര തുക വേണ്ടിവരുമെന്നാണ് വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയതെന്നും വ്യക്തമാക്കുമോ; | (എ) | വനം വിജിലൻസ് ജണ്ട പരിശോധന നടത്തിയത് സാമ്പിൾ പരിശോധനയിലൂടെയാണ്. മേൽ രീതിയിലുള്ള പരിശോധനയിൽ കണ്ടെത്തിയ ജണ്ടകൾ വെരി ബാഡ്- 645 എണ്ണം, ബാഡ് 1919 എണ്ണം, മാനേജബിൾ-600 എണ്ണം എന്നിങ്ങനെയാണ്. ആയതിൽ അറ്റകുറ്റപണികൾ നടത്തി ഉപയോഗയോഗ്യമാക്കാൻ പറ്റുന്നവ, പുനർനിർമ്മിക്കേണ്ടവ എന്നിവയുടെ പരിശോധനയും കണക്കെടുപ്പും പുരോഗമിച്ചു വരുന്നതേയുള്ളു. ആയത് പൂർത്തിയായാൽ മാത്രമേ പുനർ നിർമ്മാണത്തിനും, അറ്റകുറ്റ പണികൾക്കും ആവശ്യമായി വരുന്ന തുക കണക്കാക്കാൻ സാധിക്കുകയുള്ളു. |
| (ബി) | പ്രസ്തുത കാലയളവിൽ പാലോട് റേഞ്ചിൽ ജണ്ട നിർമ്മിച്ചതിന് ബിൽ തയ്യാറാക്കി തുക കോൺട്രാക്ടർക്ക് നൽകിയതിൽ, എത്ര ജണ്ടകൾ വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത കാലയളവിൽ വനാതിർത്തി വേർതിരിക്കൽ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ജണ്ടകളിൽ വനം വിജിലൻസ് പരിശോധനയിൽ കണ്ടെത്താൻ കഴിയാത്തത് 218 ജണ്ടകളാണ്. അതിൽ ഭൂരിഭാഗവും തുടർന്ന് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതും ബാക്കി പരിശോധന നടന്നു വരുന്നതുമാണ്. അന്തിമ റിപ്പോർട്ട് കൺസർവേറ്റർമാരിൽ നിന്നും ലഭ്യമായിട്ടില്ല. |
| (സി) | കണ്ടെത്തുവാൻ കഴിയാത്ത ജണ്ടകൾ ഏതെല്ലാം അടങ്കൽ പ്രകാരം ചാർജ് ചെയ്തവയാണെന്നും അവ ബന്ധപ്പെട്ട റേഞ്ച് ഓഫീസർ, ഡി.എഫ്.ഒ. എന്നിവർ പരിശോധിച്ചിരുന്നോയെന്നും വ്യക്തമാക്കുമോ; | (സി) | പ്രസ്തുത ജണ്ടകൾ DE-110/Orgl/2020-21, DE-51/Orgl/2020-21, DE- 59/Orgl/2019-20, DE-48/Orgl/2019-20, DE-46/Orgl/2019-20, DE-60/Orgl/2019-20, CCE-22/Orgl/2019-20, എന്നീ അടങ്കലുകൾ പ്രകാരം ചാർജ്ജ് ചെയ്തിട്ടുള്ളവയാണ്. മുകളിൽ സൂചിപ്പിച്ചവ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ പരിശോധിച്ചിരുന്നു. |
| (ഡി) | കണ്ടെത്തുവാൻ കഴിയാത്ത ജണ്ടകളുടെ നിർമ്മാണത്തിന് എത്ര തുകയുടെ ബിൽ തയ്യാറാക്കിയാണ് കോൺട്രാക്ടർക്ക് സർക്കാർ | (ഡി) | പ്രസ്തുത ജണ്ടകളുടെ നിർമ്മാണത്തിന് 20,86,446/- രൂപ നൽകിയിട്ടുള്ളതാണ്. തുടർന്നുള്ള പരിശോധനയിൽ ജണ്ടകളിൽ ഭൂരിഭാഗവും കണ്ടെത്തിയിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച് |

| | | | |
|---|---|---|---|
| | ഖജനാവിൽ നിന്നും തുക നൽകിയതെന്ന് വെളിപ്പെടുത്താമോ? | | സർക്കിൾ കൺസർവേറ്റർമാരിൽ നിന്നും അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ